# സകാത്ത് എന്ത്, എങ്ങനെ?

ഹൈദറലി ശാന്തപുരം

**(സകാത്ത് സംബന്ധമായ സംശയങ്ങൾക്കുള്ള മറുപടി ചോദ്യോത്തര രൂപത്തിൽ)**

■ *ഇസ്‌ലാമിക ശരീഅത്തിൽ സകാത്തിനുള്ള സ്ഥാനമെന്താണ്?*

ഇസ്‌ലാമിന്റെ അഞ്ച് മൗലിക കാര്യങ്ങളിൽ ഒന്നാണ് സകാത്ത്. ഇസ്‌ലാമാകുന്ന കെട്ടിടം താങ്ങിനിർത്തുന്ന പഞ്ചസ്തംഭങ്ങളിൽ ഒന്ന്. നബി(സ) പ്രസ്താവിച്ചു. "ഇസ്‌ലാം അഞ്ച് സ്തംഭങ്ങളിലാണ് പണിതുയർത്തപ്പെട്ടിട്ടുള്ളത്: അല്ലാഹു അല്ലാതെ ഒരു ദൈവമില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കുക, നമസ്കാരം നിലനിർത്തുക, സകാത്ത് നൽകുക, റമദാനിൽ നോമ്പനുഷ്ഠിക്കുക, പരിശുദ്ധ കഅ്ബാ മന്ദിരത്തിൽ പോയി ഹജ്ജ് നിർവഹിക്കുക."

വിശുദ്ധ ഖുർആനിലെ ഇരുപത്തിയേഴ് സൂക്തങ്ങളിൽ നമസ്കാരത്തിന്റെ കൂടെ സകാത്തും പരാമർശിക്കപ്പെട്ടിട്ടുണ്ട്. ആരാധനാകർമങ്ങളിൽ നമസ്കാരത്തിനു ശേഷം സകാത്തിനാണ് കൂടുതൽ സ്ഥാനമെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. പൂർവകാല പ്രവാചകന്മാർക്കും അവരുടെ അനുചരന്മാർക്കും നമസ്കാരംപോലെ സകാത്തും നിർബന്ധമാക്കപ്പെട്ടിരുന്നുവെന്ന് ഖുർആൻ വ്യക്തമാക്കുന്നു. ഇബ്റാഹീം നബിയെക്കുറിച്ചും അദ്ദേഹത്തിന്റെ സന്താനപരമ്പരയിൽപെട്ട മറ്റു ചില പ്രവാചകന്മാരെക്കുറിച്ചും പരാമർശിച്ച ശേഷം അല്ലാഹു പറയുന്നു: "നാം അവരെ നമ്മുടെ ആജ്ഞാനുസാരം മാർഗദർശനം നൽകുന്ന നേതാക്കളുമാക്കി. അവർക്കു നാം ദിവ്യബോധനം വഴി സൽക്കർമങ്ങൾ ചെയ്യാനും നമസ്കാരം നിലനിർത്താനും സകാത്ത് നൽകാനും നിർദേശം നൽകി. അവർ നമുക്ക് കീഴ്പ്പെട്ട് ജീവിക്കുന്നവരായിരുന്നു" (*അൽ അൻബിയാഅ്* 73).

ഇസ്മാഈൽ(അ), ഈസാ(അ) എന്നീ പ്രവാചകന്മാരെക്കുറിച്ചും ഖുർആൻ ഇപ്രകാരം പറഞ്ഞിട്ടുണ്ട് (*മർയം* 31, 55).

നബി(സ)യുടെ മക്കാ ജീവിതകാലത്തുതന്നെ സകാത്ത് സംബന്ധിച്ച വിധി അവതീർണമായിരുന്നുവെങ്കിലും വിശദാംശങ്ങൾ അറിയിക്കപ്പെട്ടത് ഹിജ്റ രണ്ടാം വർഷമാണ്.

സകാത്ത് നൽകാൻ പ്രേരണ നൽകുന്ന ധാരാളം സൂക്തങ്ങൾ ഖുർആനിലുണ്ട്. ഒരു സൂക്തത്തിൽ നബി(സ)യോട് സമ്പന്നരിൽനിന്ന് സകാത്ത് വാങ്ങാൻ കൽപിക്കുന്നു: "അവരുടെ ധനങ്ങളിൽനിന്ന്, അവരെ ശുദ്ധീകരിക്കുകയും സംസ്കരിക്കുകയും ചെയ്യുന്ന ദാനം നീ വസൂൽ ചെയ്യുക" (*അത്തൗബ* 103).

പാരത്രികലോകത്ത് സ്വർഗാവകാശികളുടെ ഉത്തമ ഗുണങ്ങൾ വിവരിക്കവെ അല്ലാഹു പറഞ്ഞു: "അവരുടെ ധനങ്ങളിൽ ആവശ്യക്കാർക്കും അഗതികൾക്കും അവകാശമുണ്ട്" (*അദ്ദാരിയാത്ത്* 19).

ദൈവികസഹായത്തിന് അർഹരാവുന്ന സത്യവിശ്വാസികളുടെ സവിശേഷത വിവരിച്ചുകൊണ്ട് അല്ലാഹു പറയുന്നു: "നാം അവർക്ക് ഭൂമിയിൽ അധികാരം നൽകുകയാണെങ്കിൽ അവർ നമസ്കാരം നിലനിർത്തുകയും സകാത്ത് നൽകുകയും നന്മ കൽപിക്കുകയും തിന്മ വിലക്കുകയും ചെയ്യുന്നതാണ്" (*അൽ ഹജ്ജ്* 41).

അധികാരലബ്ധിയുടെ സുപ്രധാനമായ ഒരു ലക്ഷ്യം സകാത്ത് വ്യവസ്ഥയുടെ സംസ്ഥാപനമാണെന്ന് ഈ ഖുർആൻ സൂക്തം വ്യക്തമാക്കുന്നു.

■ *സകാത്ത് നിയമമാക്കിയതിന്റെ ലക്ഷ്യമെന്താണ്?*

സകാത്ത് നിർബന്ധമാക്കിയതിന് രണ്ട് ലക്ഷ്യമുണ്ട്: ഒന്ന്, സകാത്ത് ദാതാവുമായി ബന്ധപ്പെട്ടതാണ്. രണ്ട്, സകാത്തിന്റെ ഉപഭോക്താക്കളുമായും ഇസ്‌ലാമിക സമൂഹവുമായും ബന്ധപ്പെട്ടത്.

ദാതാവുമായി ബന്ധപ്പെട്ട ലക്ഷ്യം അയാളുടെ ആത്മസംസ്കരണവും പരക്ഷേമതൽപരതയുമാണ്. താൻ അധ്വാനിച്ചുണ്ടാക്കിയ ധനത്തിൽനിന്ന് സമൂഹത്തിലെ അവശർക്ക് നിശ്ചിത ശതമാനം നൽകുകവഴി ആ വ്യക്തിയുടെ ആത്മസംസ്കരണം സാധിക്കുകയും ധനം ശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു.

സകാത്തിന്റെ ഉപഭോക്താക്കളുമായി ബന്ധപ്പെട്ട കാര്യം, വിവിധ തരം വിഷമതകൾ അനുഭവിക്കുന്ന ആളുകൾക്ക് സകാത്ത് വലിയ ആശ്വാസം നൽകുന്നു എന്നതാണ്. ഇസ്‌ലാമിക സമൂഹത്തിന്റെ പല പൊതു ആവശ്യങ്ങൾക്കും സകാത്ത് വ്യവസ്ഥ സഹായകമാവുന്നു. സകാത്ത് എന്ന വാക്കിന്റെ അർഥം തന്നെ സംസ്കരണം, വളർച്ച എന്നൊക്കെയാണ്.

■ *സകാത്ത് നൽകാത്തവരുടെ വിധിയെന്താണ്?*

ഇസ്‌ലാമിന്റെ അടിസ്ഥാനങ്ങളിൽ ഒന്നായ സകാത്ത് നിർബന്ധമാണെന്ന വസ്തുത ആരെങ്കിലും നിഷേധിച്ചാൽ അയാൾ ഇസ്‌ലാമികവൃത്തത്തിൽനിന്ന് പുറത്തുപോകും.

സകാത്ത് നിർബന്ധമാണെന്ന കാര്യം അംഗീകരിക്കുകയും എന്നാൽ നൽകാതിരിക്കുകയുമാണെങ്കിൽ ഇസ്‌ലാമിൽനിന്ന് പുറത്തുപോവുകയില്ലെങ്കിലും അതൊരു മഹാപാതകമായാണ് എണ്ണപ്പെടുക. ബലപ്രയോഗത്തിലൂടെ അയാളിൽനിന്ന് സകാത്ത് പിടിച്ചുവാങ്ങാൻ ഇസ്‌ലാമിക രാഷ്ട്രത്തിലെ ഭരണാധികാരിക്ക് അധികാരമുണ്ട്.

■ *സകാത്ത് എല്ലാവർക്കും നിർബന്ധമുണ്ടോ?*

നമസ്കാരം പോലെ സകാത്ത് എല്ലാവർക്കും നിർബന്ധമില്ല. സകാത്ത് ബാധകമാകുന്ന ഒരു നിശ്ചിതതുക കൈവശമുള്ളവർക്കേ അത് ബാധകമാവൂ.

■ *ആ നിശ്ചിത തുക ഒരാളുടെ കൈവശം വന്നാൽ ഉടനെ അതിന്റെ സകാത്ത് നൽകണമോ?*

ഉടൻ നൽകേണ്ടതില്ല. അയാളുടെ ഭക്ഷണം, വസ്ത്രം, പാർപ്പിടം, വാഹനം, തൊഴിലുപകരണങ്ങൾ എന്നീ അത്യാവ

ശ്യങ്ങൾ കഴിച്ചുള്ളതായിരിക്കണം ആ തുക. ഒരു വർഷം ആ സംഖ്യ അയാളുടെ കൈവശം സ്റ്റോക്കുണ്ടായിരിക്കുകയും വേണം. സകാത്ത് നിർബന്ധമാകുന്ന അത്ര തുക കൈവശം വന്ന അന്നു മുതലാണ് വർഷം കണക്കാക്കേണ്ടത്. വർഷം കൊണ്ടുള്ള ഉദ്ദേശ്യം ചാന്ദ്രവർഷമാണ്. പൂർവികരും സമകാലികരുമായ ഭൂരിഭാഗം പണ്ഡിതന്മാരുടെയും അഭിപ്രായമാണിത്. എന്നാൽ പുതുതായി കൈയിൽ വരുന്ന ധനത്തിന് സകാത്ത് ബാധകമാകാൻ വർഷം തികയേണ്ടതില്ല എന്ന അഭിപ്രായവും പണ്ഡിതന്മാർക്കുണ്ട്.

■ *ഒരാളുടെ കൈവശം സകാത്ത് നിർബന്ധമാകുന്നത്ര ധനമുണ്ട്. അയാൾക്ക് കടവുമുണ്ട്. എങ്കിൽ അയാൾ സകാത്ത് നൽകേണ്ടതുണ്ടോ?*

കടം വീട്ടിക്കഴിഞ്ഞാലും സകാത്ത് നിർബന്ധമാകുന്ന അത്ര ധനം കൈവശമുള്ളവർ മാത്രമേ സകാത്ത് നൽകേണ്ടതുള്ളൂ. അതിൽ കുറവാണെങ്കിൽ സകാത്ത് നിർബന്ധമില്ല.

■ *സകാത്ത് നിർബന്ധമുള്ള ഒരു വ്യക്തി മരണപ്പെടുകയാണെങ്കിൽ അയാളുടെ അനന്തരസ്വത്തിൽനിന്ന് അത് നൽകേണ്ടതുണ്ടോ?*

സകാത്ത് നിർബന്ധമായ വ്യക്തി അത് നൽകാതെ മരണപ്പെടുകയാണെങ്കിൽ അയാളുടെ അനന്തര സ്വത്തിൽനിന്ന് അത് നൽകൽ അനന്തരാവകാശികളുടെ ബാധ്യതയാണ്. വസ്വിയ്യത്തും കടവും കഴിച്ചാണ് അനന്തരസ്വത്ത് ഭാഗിക്കേണ്ടതെന്ന് വിശുദ്ധ ഖുർആനിൽ അല്ലാഹു പറഞ്ഞിരിക്കുന്നു. അല്ലാഹുവിനുള്ള കടമാണല്ലോ സകാത്ത്.

■ *സകാത്ത് നൽകുന്ന ആൾ നൽകപ്പെടുന്ന ആളോട് സകാത്ത് സംഖ്യയാണ് എന്ന് പറയേണ്ടതുണ്ടോ?*

പറയേണ്ടതില്ല. സകാത്ത് ഒരാരാധനാ കർമമായതിനാൽ 'നിയ്യത്ത്' (ഉദ്ദേശ്യം) ഉണ്ടായിരിക്കണമെന്നു മാത്രം. അല്ലാഹു നിർബന്ധമാക്കിയ സകാത്ത് അവന്റെ മാത്രം പ്രീതി ഉദ്ദേശിച്ച് ഞാൻ നൽകുന്നു എന്ന് മനസ്സിൽ കരുതിയാൽ മതി.

■ *സകാത്ത് നിർബന്ധമായ വ്യക്തി അത് ഉടനെ നൽകേണ്ടതുണ്ടോ?*

സകാത്ത് നിർബന്ധമായ വ്യക്തി അത് ഉടനെ നൽകുകയാണ് വേണ്ടത്. അകാരണമായി അത് പിന്തിക്കാൻ പാടില്ല. നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടാവുകയാണെങ്കിൽ അത് നീങ്ങുന്നതുവരെ പിന്തിക്കുന്നതിന് വിരോധമില്ല.

■ *സമയമാകുന്നതിനു മുമ്പ് ഒരാൾ തന്റെ സകാത്ത് നൽകുകയാണെങ്കിൽ അത് സാധുവാകുമോ?*

സാധുവാകും. സാമൂഹികാവശ്യം പരിഗണിച്ച് ഒരാൾ തന്റെ സകാത്ത് ഒന്നോ രണ്ടോ വർഷം മുമ്പ് നൽകുകയാണെങ്കിൽ അതിന് വിരോധമില്ല. നബി (സ) പിതൃവ്യൻ അബ്ബാസി(റ)ൽനിന്ന് രണ്ടു വർഷത്തെ സകാത്ത് മുൻകൂറായി വാങ്ങിയതാണ് ഇതിന് തെളിവ്.

## സകാത്ത് ബാധകമാകുന്ന സമ്പത്ത്

■ *ഏതെല്ലാം സമ്പത്തിലാണ് സകാത്ത് നിർബന്ധമാകുന്നത്?*

സ്വർണം, വെള്ളി, കാർഷികോൽപന്നങ്ങൾ, കച്ചവടച്ചരക്കുകൾ, കാലികൾ, ഖനിജവസ്തുക്കൾ, കണ്ടുകിട്ടുന്ന നിക്ഷേപവസ്തുക്കൾ എന്നിവയാണ് സകാത്ത് നിർബന്ധമാകുന്ന പ്രധാന സമ്പത്തുക്കൾ.

■ *നാണയരൂപത്തിലുള്ള സ്വർണത്തിനും വെള്ളിക്കും സകാത്ത് ബാധകമാണോ?*

നിർബന്ധമാണ്. നബി(സ)യുടെ കാലത്തെ നാണയങ്ങൾ -ദീനാറും ദിർഹമും- സ്വർണവും വെള്ളിയുമായിരുന്നു. നബി തിരുമേനി രണ്ടിനും സകാത്ത് വസൂലാക്കിയിരുന്നു.

■ *സ്വർണത്തിനും വെള്ളിക്കും സകാത്ത് നിർബന്ധമാകാൻ എത്ര തൂക്കം വേണം?*

സ്വർണത്തിന് സകാത്ത് നിർബന്ധമാകാൻ 85 ഗ്രാം തൂക്കം വേണം. പ്രവാചകന്റെ കാലത്തെ 20 ദീനാറിന് തുല്യമാണിത്.

വെള്ളിക്ക് 595 ഗ്രാം തൂക്കം വേണം. നബി(സ)യുടെ കാലത്തെ 200 ദിർഹമിന് സമമാണിത്.

■ *ഒരാളുടെ വശം കുറച്ച് സ്വർണവും കുറച്ച് വെള്ളിയുമുണ്ട്. ഓരോന്നും തനിച്ച് സകാത്ത് നിർബന്ധമാകുന്ന അത്രയില്ല. എങ്കിൽ രണ്ടും ചേർത്ത് സകാത്ത് നൽകേണ്ടതുണ്ടോ?*

രണ്ടും കൂടി ചേർത്ത് നൽകേണ്ടതില്ല. ഓരോന്നും സ്വന്തമായി സകാത്ത് നിർബന്ധമാകുന്ന അത്രയുണ്ടെങ്കിലേ സകാത്ത് നൽകേണ്ടതുള്ളൂ.

■ *ഇന്ന് ക്രയവിക്രയം നടക്കുന്നത് സ്വർണത്തിലും വെള്ളിയിലുമല്ലല്ലോ. പകരം ബാങ്ക് നോട്ടുകളും മറ്റുമാണ് ഉപയോഗിക്കുന്നത്. അതിന് സകാത്ത് നിർബന്ധമാണോ? എങ്കിൽ അതിന്റെ വിധിയെത്രയാണ്?*

ഇന്ന് ക്രയവിക്രയത്തിന് ഉപയോഗിക്കുന്നത് മുമ്പത്തെപോലെ സ്വർണവും വെള്ളിയുമല്ലെങ്കിലും അവയുടെ സ്ഥാനത്ത് നിൽക്കുന്ന വസ്തുക്കളാണ്. ബാങ്ക് നോട്ട്, നാണയങ്ങൾ, വിസാ കാർഡ്, ഡിമാന്റ് ഡ്രാഫ്റ്റ്, കാഷ് ചെക്ക് തുടങ്ങി പലതും സൗകര്യത്തിനുവേണ്ടി ഉപയോഗിക്കുന്നു. അവയെല്ലാം ആവശ്യമെങ്കിൽ സ്വർണവും വെള്ളിയുമായി മാറ്റാവുന്നതാണ്. ആ നിലക്ക് അവക്കും സകാത്ത് നിർബന്ധമാകുന്നു. 85 ഗ്രാം സ്വർണത്തിന്റെയോ 595 ഗ്രാം വെള്ളിയുടെയോ മൂല്യമെത്തിയാൽ അവക്കും സകാത്ത് നൽകേണ്ടതാകുന്നു. മൂല്യനിർണയത്തിന് സ്വർണത്തെയാണോ വെള്ളിയെയാണോ അടിസ്ഥാനമാക്കേണ്ടത് എന്ന കാര്യം ഗവേഷണപരമാണ്. പ്രവാചകന്റെ കാലത്ത് 20 ദീനാറും 200 ദിർഹമും (85 ഗ്രാം സ്വർണവും 595 ഗ്രാം വെള്ളിയും) തുല്യമൂല്യമുള്ളതായിരുന്നു. എന്നാൽ പിൽക്കാലത്ത് സ്വർണത്തിന്റെ ഉപയോഗവും വിലയും വർധിച്ചു. അതോടെയാണ് മൂല്യനിർണയത്തിന് സ്വർണത്തെയാണോ വെള്ളിയെയാണോ അടിസ്ഥാനമാക്കേണ്ടത് എന്ന പ്രശ്നം ഉദ്ഭവിച്ചത്. സമകാലിക പണ്ഡിതന്മാരിൽ ഇരു അഭിപ്രായങ്ങളും സ്വീകരിച്ചവരുണ്ട്.

■ *സ്വർണത്തിന്റെയും വെള്ളിയുടെയും ആഭരണങ്ങൾക്ക് സകാത്ത് നൽകേണ്ടതുണ്ടോ?*

പണ്ഡിതന്മാർക്കിടയിൽ അഭിപ്രായഭിന്നതയുണ്ട് ഇക്കാര്യത്തിൽ. പ്രധാനമായും മൂന്ന് വീക്ഷണങ്ങളാണുള്ളത്: ഒന്ന്, സ്വർണവും വെള്ളിയും ആഭരണമാക്കിയതുകൊണ്ടുമാത്രം സകാത്തിൽനിന്ന് ഒഴിവാകുകയില്ല. ഇമാം അബൂഹനീഫ (റ)യുടെ അഭിപ്രായം ഇതാണ്. ഈ അഭിപ്രായമനുസരിച്ച് ഒരാളുടെ കൈയിൽ 85 ഗ്രാം തൂക്കം വരുന്ന സ്വർണാഭരണമോ 595 ഗ്രാം തൂക്കം വരുന്ന വെള്ളിയാഭരണമോ ഉണ്ടെങ്കിൽ വർഷം തോറും അതിന് രണ്ടര ശതമാനം സകാത്ത് നൽകണം.

രണ്ടാമത്തെ വീക്ഷണം, ആഭരണത്തിന് -അതെത്രയായാലും- സകാത്തില്ല എന്നതാണ്. ഇമാം മാലിക്, ഇമാം ശാഫിഈ, ഇമാം അഹ്മദുബ്നു ഹമ്പൽ എന്നിവരുടെ അഭിപ്രായമാണിത്.

മൂന്നാമത്തെ അഭിപ്രായം, ഒരു സ്ത്രീ സാധാരണ ധരിക്കുന്ന ആഭരണത്തിന് സകാത്തില്ല; അത് സ്വർണത്തിനും വെള്ളിക്കും സകാത്ത് നിർബന്ധമാകുന്ന പരിധി കവിഞ്ഞാലും ശരി. സ്ഥിരമായി ധരിക്കാതെ സൂക്ഷിച്ചുവെക്കുന്നതും സാധാരണയിൽ കവിഞ്ഞ് അണിയുന്നതുമായ ആഭരണങ്ങൾ 85 ഗ്രാം എത്തിയാൽ അതിന് സകാത്ത് നിർബന്ധമാണ്.

ഈ മൂന്ന് വീക്ഷണം വെച്ചു പുലർത്തുന്നവർക്കും അവരുടെ വീക്ഷണത്തിന് ഉപോദ്ബലകമായ തെളിവുകളുണ്ട്. ആഭരണം സ്ത്രീകൾക്ക് അവശ്യവസ്തുപോലെ ആയതിനാൽ അവർ സാധാരണ ധരിക്കുന്ന ആഭരണത്തിന് സകാത്ത് നൽകേണ്ടതില്ല എന്ന അഭിപ്രായം യുക്തിപൂർവമാണെങ്കിലും, തെളിവുകളുടെ അടിസ്ഥാനത്തിൽ കൂടുതൽ സൂക്ഷ്മമായത്, സകാത്ത് നിർബന്ധമാകുന്ന പരിധിയെത്തിയാൽ ആഭരണത്തിനും

സകാത്ത് കൊടുക്കുക എന്ന അഭിപ്രായമാണ്.

■ *കിട്ടാനുള്ള കടത്തിന് സകാത്ത് നൽകേണ്ടതുണ്ടോ?*

കിട്ടാനുള്ള കടം രണ്ട് തരമാണ്: ഒന്ന്, ആവശ്യമനുസരിച്ച് തിരിച്ചുകിട്ടുമെന്ന് പ്രതീക്ഷയുള്ളത്. രണ്ടാമത്തേത്, തിരിച്ചുകിട്ടുമെന്ന് പ്രതീക്ഷയില്ലാത്തത്. തിരിച്ചുകിട്ടുമെന്ന് പ്രതീക്ഷയുള്ള കടം ഒരാളുടെ കൈയിൽ സൂക്ഷിപ്പുള്ള സംഖ്യപോലെയാണ്. സമയമാകുമ്പോൾ അതിന് സകാത്ത് നൽകണം. തിരിച്ചുകിട്ടുമെന്ന് പ്രതീക്ഷയില്ലാത്ത കടമാണെങ്കിൽ അതിന് വർഷം തോറും നൽകേണ്ടതില്ല. തിരിച്ചുകിട്ടിയാൽ ഒരു വർഷത്തെ സകാത്ത് നൽകിയാൽ മതി.

■ *കച്ചവടത്തിന്റെ സകാത്ത് എങ്ങനെയാണ് കണക്കാക്കേണ്ടത്?*

സകാത്ത് നിർബന്ധമാകുന്ന മറ്റെല്ലാ സ്വത്തുക്കളെയും പോലെ നിശ്ചിത സംഖ്യക്കുള്ള കച്ചവടത്തിനു മാത്രമേ സകാത്ത് നൽകേണ്ടതുള്ളൂ. 85 ഗ്രാം സ്വർണത്തിന്റെയോ 595 ഗ്രാം വെള്ളിയുടെയോ വിലയ്ക്ക് തുല്യമായ കച്ചവടത്തിനാണ് സകാത്ത് നൽകേണ്ടത്. ഓരോ വർഷവും നൽകണം. വർഷം പൂർത്തിയാവുമ്പോൾ സ്റ്റോക്കുള്ള വിൽപനച്ചരക്കുകളുടെ വാങ്ങിയ വിലയും കൈവശമുള്ള ലാഭസംഖ്യയും കിട്ടുമെന്ന് പ്രതീക്ഷയുള്ള കടവും കൂട്ടി അതിന്റെ രണ്ടര ശതമാനമാണ് സകാത്ത് നൽകേണ്ടത്. ഫർണിച്ചറുകൾ, ഡെക്കറേഷൻ സാധനങ്ങൾ മുതലായവക്ക് സകാത്ത് നൽകേണ്ടതില്ല.

■ *ഒരു ജ്വല്ലറി ഉടമ സകാത്ത് നൽകേണ്ടത് സ്വർണത്തിന്റെ സകാത്തായിട്ടാണോ, അതോ കച്ചവടത്തിന്റെ സകാത്തായിട്ടോ?*

കച്ചവടച്ചരക്ക് എന്തായിരുന്നാലും ഒരേ തോതിലാണ് കച്ചവടത്തിന് സകാത്ത്. ജ്വല്ലറിയുടമയും സൂപ്പർമാർക്കറ്റുകാരനും കന്നുകാലിക്കച്ചവടക്കാരനും റിയൽ എസ്റ്റേറ്റ് ബിസിനസ്സുകാരനും മരക്കച്ചവടക്കാരനുമെല്ലാം രണ്ടര ശതമാനമാണ് സകാത്ത് നൽകേണ്ടത്. ആ നിലയിൽ ജ്വല്ലറിയുടമ സകാത്ത് നൽകുന്നത് അത് സ്വർണത്തിന്റെ സകാത്തായിട്ടല്ല, കച്ചവടത്തിന്റെ സകാത്തായിട്ടാണ്.

■ *ധാന്യങ്ങൾ, പഴവർഗങ്ങൾ തുടങ്ങിയ കാർഷികോൽപന്നങ്ങളുടെ സകാത്തിന്റെ വിധിയെന്താണ്?*

ഇതര സമ്പാദ്യങ്ങളെപ്പോലെ കൃഷിവിഭവങ്ങൾക്കും പഴവർഗങ്ങൾക്കും ഇസ്‌ലാം സകാത്ത് നിർബന്ധമാക്കിയിരിക്കുന്നു. ഖുർആനിൽ പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ സമ്പാദിച്ച നല്ല വസ്തുക്കളിൽനിന്നും നാം നിങ്ങൾക്ക് ഭൂമിയിൽനിന്ന് ഉൽപാദിപ്പിച്ചുതന്ന വസ്തുക്കളിൽനിന്നും നിങ്ങൾ ചെലവു ചെയ്യുക" (*അൽ ബഖറ* 268).

'പന്തലിൽ പടർത്തപ്പെടുന്നതും അല്ലാത്തതുമായ പലതരം തോട്ടങ്ങളും ഈത്തപ്പനത്തോപ്പുകളും ഉണ്ടാക്കിയത് അല്ലാഹുവാകുന്നു; വിവിധതരം ഭോജ്യങ്ങൾ ലഭിക്കുന്ന വിളവുകളുണ്ടാക്കിയതും. രൂപത്തിൽ സാദൃശ്യമുള്ളതും രുചിയിൽ വ്യത്യാസമുള്ളതുമായ ഫലങ്ങളുണ്ടാവുന്ന ഒലീവിന്റെയും ഉറുമാൻപഴത്തിന്റെയും വൃക്ഷങ്ങളുണ്ടാക്കിയതും അവനാകുന്നു. അവ കായ്ക്കുമ്പോൾ അവയുടെ ഫലങ്ങൾ ഭക്ഷിച്ചുകൊള്ളുക. വിളവെടുപ്പു കാലത്ത് അല്ലാഹുവിന്റെ അവകാശം നൽകുകയും ചെയ്യുക" (*അൽ അൻആം* 141).

'ചെലവു ചെയ്യുക', അല്ലാഹുവിന്റെ അവകാശം നൽകുക' എന്നിങ്ങനെയാണ് ഈ സൂക്തങ്ങളിൽ പറഞ്ഞിട്ടുള്ളതെങ്കിലും പ്രധാനമായും ഇവിടെ ഉദ്ദേശിക്കുന്നത് നിർബന്ധദാനമായ സകാത്താണ്.

നബി(സ)യുടെ കാലത്ത് മുഖ്യകാർഷികവിഭവങ്ങളായ കാരക്ക, മുന്തിരി, യവം, ഗോതമ്പ് എന്നിവയിൽനിന്നെല്ലാം സകാത്ത് ശേഖരിച്ചിരുന്നു.

■ *കാർഷികോൽപന്നങ്ങളിൽ സകാത്ത് നിർബന്ധമാകാൻ അവ എത്രയുണ്ടായിരിക്കണം? എത്ര ശതമാനമാണ് സകാത്തായി നൽകേണ്ടത്?*

കാർഷികോൽപന്നങ്ങളിൽ സകാത്ത് നിർബന്ധമാകുവാൻ ഒരു വർഷത്തിൽ അഞ്ച് 'വസഖ്' വിളവുണ്ടായിരിക്കണം. നബി(സ)യുടെ കാലത്തെ ഒരളവായിരുന്നു *വസഖ്*. നബി തിരുമേനി പറഞ്ഞു: "അഞ്ച് വസഖിൽ താഴെയുള്ളതിന് സകാത്തില്ല." നിലവിലുള്ള തൂക്കമനുസരിച്ച് 653 കി. ഗ്രാം ആണ് അഞ്ച് വസഖ്.

കാർഷികോൽപന്നങ്ങൾക്ക്, തേവി നനച്ചുണ്ടാക്കുന്നതാണെങ്കിൽ അഞ്ച് ശതമാനവും തേവാതെ മഴവെള്ളം കൊണ്ടോ പുഴയിലെയും തോട്ടിലെയും വെള്ളം കൊണ്ടോ വളരുന്നതാണെങ്കിൽ പത്ത് ശതമാനവുമാണ് സകാത്ത്.

ഉൽപന്നങ്ങളിൽ അളക്കാൻ പറ്റുന്നവയും പറ്റാത്തവയുമുണ്ട്. അവയുടെയെല്ലാം സകാത്ത് കണക്കാക്കുന്നതിന് വ്യത്യസ്ത രീതികളാണുള്ളത്.

■ *കാലിസമ്പത്തിന് എപ്പോഴാണ് സകാത്ത് നിർബന്ധമാവുക?*

ആട്, മാട്, ഒട്ടകം എന്നീ വളർത്തു മൃഗങ്ങൾക്കാണ് സകാത്ത് നിർബന്ധം. അവക്ക് സകാത്ത് നിർബന്ധമാകാനുള്ള ഉപാധികൾ:

1. അവ നിശ്ചിത എണ്ണം ഉണ്ടായിരിക്കുക. 2. ഒരു വർഷം പൂർത്തിയാവുക. 3. വർഷത്തിൽ അധികകാലവും മേഞ്ഞ് തിന്നുന്നതായിരിക്കുക.

ഒട്ടകത്തിന് സകാത്ത് നിർബന്ധമാകുന്ന പരിധി അഞ്ചെണ്ണമുണ്ടാവുക എന്നതാണ്; മാട് മുപ്പതും ആട് നാൽപതും. അതായത് ഒരാളുടെ വശം അഞ്ച് ഒട്ടകത്തിലും മുപ്പത് മാട്ടിലും നാൽപത് ആട്ടിലും കുറവാണുള്ളതെങ്കിൽ അതിന് സകാത്തില്ല.

■ *കുതിര, കോവർ കഴുത, കഴുത തുടങ്ങിയ മൃഗങ്ങൾക്ക് സകാത്തുണ്ടോ?*

സകാത്ത് നിർബന്ധമില്ല. കാലികളിൽ ആട്, മാട്, ഒട്ടകം എന്നിവക്കാണ് സകാത്ത്. പക്ഷേ, ഏത് മൃഗവും വിൽപനക്കുള്ളതാണെങ്കിൽ അത് കച്ചവടച്ചരക്കായി പരിഗണിക്കുന്നതും അതിന് കച്ചവടത്തിന്റെ സകാത്ത് ബാധകമാവുന്നതുമാണ്.

■ *ഒരാൾക്ക് നിധികിട്ടിയാൽ സകാത്ത് നൽകേണ്ടതുണ്ടോ?*

നൽകണം. കിട്ടിയ ഉടനെയാണ് നൽകേണ്ടത്. അഞ്ചിലൊന്ന്, അതായത് ഇരുപത് ശതമാനം ആണ് നിധിയുടെ സകാത്ത്.

■ *ഒരാളുടെ കൈവശം വരുമാനമൊന്നുമില്ലാത്ത കുറേ ഭൂമിയോ കെട്ടിടങ്ങളോ ഉണ്ട്. അതിന് സകാത്ത് നൽകേണ്ടതുണ്ടോ?*

വരുമാനമില്ലാത്ത ഭൂമിക്കും കെട്ടിടങ്ങൾക്കും സകാത്ത് നിർബന്ധമില്ല. എന്നാലവ ഭൂവിൽപനക്കാരന്റെ കൈവശമുള്ള വിൽപനച്ചരക്കാണെങ്കിൽ അതിന് വർഷം തികയുമ്പോൾ രണ്ടര ശതമാനം സകാത്ത് നൽകണം.

■ *വാടക കെട്ടിടങ്ങൾക്ക് സകാത്തുണ്ടോ? ഉണ്ടെങ്കിൽ എത്ര ശതമാനം?*

വാടകക്ക് കൊടുക്കുന്ന കെട്ടിടങ്ങൾക്ക് സകാത്തില്ല. കെട്ടിടങ്ങളിൽനിന്ന് ലഭിക്കുന്ന വാടകസംഖ്യക്കാണ് സകാത്തുള്ളത്. വാടകസംഖ്യ സകാത്ത് നിർബന്ധമാകുന്ന തുകയെത്തിക്കഴിഞ്ഞാൽ വർഷംതോറും അതിന്റെ രണ്ടര ശതമാനം സകാത്ത് നൽകണം.

എന്നാൽ വാടകസംഖ്യയെ കാർഷികോൽപന്നങ്ങളെപ്പോലെ കണക്കാക്കി പത്ത് ശതമാനമാണ് നൽകേണ്ടതെന്ന് സമകാലികരായ ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു.

■ *ഒരു സ്ഥാപനത്തിന് വിവിധ തരത്തിലുള്ള കുറേ വഖ്ഫ് സ്വത്തുക്കളുണ്ട്. അതിന് സകാത്ത് നിർബന്ധമാണോ?*

വഖ്ഫ് സ്വത്തുക്കൾക്ക് സകാത്ത് നിർബന്ധമില്ല. കാരണം അത് ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതല്ല. കൂ

ടാതെ സകാത്ത് കൊണ്ട് നിർവഹിക്കപ്പെടുന്ന ചില കാര്യങ്ങൾ തന്നെയാണ് വഖ്ഫ് സ്വത്തുക്കൾകൊണ്ടും നിർവഹിക്കപ്പെടുന്നത്.

■ *ഒരാൾ ഇസ്‌ലാമിക് ബാങ്കിൽ ഒരു സംഖ്യ നിക്ഷേപിച്ചിട്ടുണ്ട്. വർഷാവസാനം ബാങ്കിൽനിന്ന് മൂന്നോ നാലോ ശതമാനം ലാഭം ലഭിക്കുന്നു. അയാൾ സകാത്ത് നൽകേണ്ടത് നിക്ഷേപത്തുകക്കാണോ, അതോ ലഭവിഹിതത്തിനോ?*

നിക്ഷേപത്തുകക്കും ലാഭവിഹിതത്തിനും സകാത്ത് നൽകണം, രണ്ടര ശതമാനം. എപ്പോഴും പിൻവലിക്കാൻ പറ്റുന്ന നിക്ഷേപമായതിനാൽ കൈയിൽ സൂക്ഷിപ്പുള്ള സംഖ്യ പോലെത്തന്നെയാണത്.

■ *ഒരാൾ ബിസിനസ്സ് തുടങ്ങാനോ മറ്റോ ഉദ്ദേശിച്ച് ഒരു സംഖ്യ സ്വരൂപിച്ചുവെക്കുന്നു. അതിന് വർഷം പൂർത്തിയാവുമ്പോൾ സകാത്ത് നൽകേണ്ടതുണ്ടോ?*

നൽകേണ്ടതുണ്ട്. കാരണം ഒരാൾ എന്ത് ഉദ്ദേശ്യം വെച്ചുകൊണ്ടാണെങ്കിലും തന്റെ ഉടമസ്ഥതയിൽ ഒരു സംഖ്യ സ്വരൂപിക്കുകയും അത് സകാത്ത് നിർബന്ധമാകുന്ന പരിധിയിലെത്തി ഒരു വർഷം പൂർത്തിയാവുകയുമാണെങ്കിൽ അതിന് സകാത്ത് നിർബന്ധമാണ്.

■ *ഒരാളുടെ ഉടമസ്ഥതയിൽ വാടകക്ക് കൊടുക്കുന്ന വാഹനങ്ങളുണ്ട്. അതിന്റെ സകാത്ത് എങ്ങനെയാണ് കൊടുക്കേണ്ടത്?*

വാടകക്ക് കൊടുക്കുന്ന വാഹനങ്ങൾക്ക് സകാത്തില്ല. അതിൽനിന്ന് ലഭിക്കുന്ന ലാഭത്തിനാണ് സകാത്ത് നൽകേണ്ടത്. വർഷം പൂർത്തിയാവുമ്പോൾ ലാഭം കണക്കാക്കി അതിന്റെ രണ്ടര ശതമാനം സകാത്തായി നൽകണം.

## സകാത്തിന്റെ അവകാശികൾ

■ *സകാത്തിന്റെ അവകാശികൾ ആരെല്ലാമാണ്?*

സകാത്തിന്റെ അവകാശികൾ എട്ട് വിഭാഗമാണ്. അവരെ അല്ലാഹുതന്നെ യാണ് നിശ്ചയിച്ചിട്ടുള്ളത്: "നിർബന്ധദാനം അഗതികൾ, ദരിദ്രന്മാർ, സകാത്ത് ജോലിക്കാർ, മനസ്സുകൾ ഇണക്കപ്പെടേണ്ടവർ എന്നിവർക്കും അടിമത്തമോചനത്തിനും കടക്കാരെ സഹായിക്കുന്നതിനും ദൈവികമാർഗത്തിനും സഞ്ചാരികളെ സേവിക്കുന്നതിനും മാത്രമുള്ളതാകുന്നു. ഇത് അല്ലാഹുവിങ്കൽനിന്നുള്ള നിർബന്ധ നിയമമാണ്. അല്ലാഹു സർവജ്ഞനും യുക്തിമാനുമാകുന്നു" (*അത്തൗബ* 60).

ഇവിടെ *അഗതികൾ* (ഫുഖറാഅ്) എന്നതുകൊണ്ട് ജീവിതാവശ്യങ്ങൾ നിവർത്തിക്കാൻ തീരെ സാമ്പത്തിക ശേഷിയില്ലാത്തവരെയും *ദരിദ്രർ* (മസാകീൻ) എന്നതുകൊണ്ട് ജീവിതാവശ്യങ്ങൾ നിവർത്തിക്കാൻ അൽപം വരുമാനമുണ്ടെങ്കിലും അത് ആവശ്യത്തിന് തികയാത്തവരെയുമാണ് ഉദ്ദേശിക്കുന്നത്. രണ്ട് വിഭാഗത്തിനും സകാത്തിൽ അവകാശമുണ്ട്.

മൂന്നാമത് പറഞ്ഞ 'സകാത്ത് ജോലിക്കാർ' സകാത്ത് സംഭരണ-വിതരണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരാണ്. ഒരു ഇസ്‌ലാമിക രാഷ്ട്രത്തിൽ ഭരണകൂടമായിരിക്കും സകാത്ത് ശേഖരിച്ച് അർഹരായവർക്ക് വിതരണം ചെയ്യുക. ആ നിലയിൽ സകാത്തിന്റെ കണക്കെടുപ്പുകാർ, ചുമട്ടുകാർ, സൂക്ഷിപ്പുകാർ, വിതരണക്കാർ തുടങ്ങി സകാത്ത് വകുപ്പിൽ പ്രവർത്തിക്കുന്ന എല്ലാവർക്കുമുള്ള കൂലി/ശമ്പളം സകാത്തിൽനിന്ന് നൽകാവുന്നതാണ്.

'മനസ്സുകൾ ഇണക്കപ്പെടേണ്ടവർ' എന്നതുകൊണ്ടുദ്ദേശിക്കുന്നത് ഇസ്‌ലാമിനോടും മുസ്‌ലികളോടും മമതയും സൗഹൃദവും നിലനിർത്തുന്ന വിവിധ മതവിഭാഗങ്ങളാണ്. 'അടിമത്തമോചനം' ആണ് നാലാമത്തേത്. മുൻകാലങ്ങളിൽ മനുഷ്യരെ അടിമകളാക്കിവെക്കുകയും അവരെ വിൽപനച്ചരക്കാക്കി കണക്കാക്കുകയും ചെയ്യുന്ന ദുരവസ്ഥയുണ്ടായിരുന്നു. അവരുടെ മോചനത്തിനുവേണ്ടി ഇസ്‌ലാം നടപ്പാക്കിയ വിവിധ പദ്ധതികളിൽ ഒന്നാണിത്.

'കടബാധ്യതയുള്ളവർ' എന്നു പറഞ്ഞതിൽ സ്വന്തം ആവശ്യത്തിന് കടം വാങ്ങി അത് വീട്ടാൻ സാധിക്കാത്തവരും, മറ്റുള്ളവരുടെ ബാധ്യതകൾ ഏറ്റെടുത്ത് അത് പൂർത്തീകരിക്കാൻ പരസഹായം ആവശ്യമായി വരുന്നവരും ഉൾപ്പെടും.

'ദൈവികമാർഗം' എന്നതിന്റെ ഉദ്ദേശ്യം അല്ലാഹുവിന്റെ ദീനിന്റെ സംസ്ഥാപനത്തിനും നിലനിൽപിനും ആവശ്യമായ വിവിധതരം പ്രവർത്തനങ്ങളാണ്.

'സഞ്ചാരികൾ' എന്നു പറഞ്ഞതിന്റെ വിവക്ഷ യാത്രയിൽ ഇടക്കുവെച്ച് പരസഹായം ആവശ്യമായി വരുന്നവരാകുന്നു. അവർ അവരുടെ നാട്ടിൽ സമ്പന്നരായിരിക്കാമെങ്കിലും താൽക്കാലിക ആവശ്യം പരിഗണിച്ച് സകാത്ത് ഫണ്ടിൽനിന്ന് അവരെ സഹായിക്കാവുന്നതാണ്.

■ *ഒരു ദരിദ്രന് സകാത്തിൽനിന്ന് എത്രയാണ് നൽകേണ്ടത്?*

സകാത്തിന്റെ പ്രധാന ലക്ഷ്യം ദാരിദ്ര്യനിർമാർജനമാണ്. അത് സാധിക്കണമെങ്കിൽ ദരിദ്രന്മാർക്ക് അവരുടെ ആവശ്യം നിവർത്തിക്കാൻ കഴിയുന്ന അത്ര തുക സകാത്ത് ഫണ്ടിൽനിന്ന് നൽകണം. ഒരു വർഷം സകാത്ത് വാങ്ങിയ ആൾക്ക് അടുത്ത വർഷം സകാത്ത് ആവശ്യമില്ലാത്തവിധം സ്വയംപര്യാപ്തനാകത്തക്ക നിലയിൽ സകാത്ത് നൽകുകയാണെങ്കിൽ അതാണ് ഏറ്റവും ഉത്തമം. ഖലീഫ ഉമറുൽ ഫാറൂഖ്(റ) പറയാറുണ്ടായിരുന്നു: 'നിങ്ങൾ നൽകുകയാണെങ്കിൽ വാങ്ങുന്നവർ സ്വയം പര്യാപ്തരാകുംവിധം നൽകുക.'

■ *ആരോഗ്യവാനായ, സമ്പാദിക്കാൻ ശേഷിയുള്ള ആൾക്ക് സകാത്ത് നൽകാമോ?*

ആരോഗ്യവാനായ, അധ്വാനിക്കാൻ ശേഷിയുള്ള ആൾ അധ്വാനമൊന്നും ചെയ്യാതെ അലസനായിരിക്കുകയാണെങ്കിൽ അവന് സകാത്ത് നൽകാൻ പാടില്ല. എന്നാൽ അധ്വാനിക്കാൻ ശേഷിയുള്ള ഒരാൾ ജോലിയെടുക്കാൻ സന്നദ്ധനാണ്, പക്ഷേ എത്ര ശ്രമിച്ചിട്ടും അനുയോജ്യമായ ഉപജീവനമാർഗം തുറന്നുകിട്ടുന്നില്ല. എങ്കിൽ അയാൾ നിസ്സഹായനാണ്. അങ്ങനെയുള്ള ആൾക്ക് സകാത്ത് നൽകാം. തൊഴിൽരഹിതനായ ഒരാൾക്ക് തൊഴിൽ ചെയ്യാൻ സഹായകമാകും വിധം സകാത്ത് ഫണ്ടിൽനിന്ന് നൽകുകയാണെങ്കിൽ അതാണ് ഉത്തമം. നബി (സ) പറയുകയുണ്ടായി: "സാമ്പത്തിക ശേഷിയുള്ളവന്നും അധ്വാനശേഷിയുള്ളവന്നും ദാനം അനുവദനീയമല്ല."

■ *സകാത്ത് വകുപ്പിലെ ഉദ്യോഗസ്ഥന്മാർ സമ്പന്നരാണെങ്കിൽ അവർക്ക് സകാത്തിൽനിന്ന് പ്രതിഫലം വാങ്ങാമോ?*

വാങ്ങാം. അതുകൊണ്ടാണ് സകാത്തിന്റെ അവകാശികളിൽ അവർക്ക് പ്രത്യേക സ്ഥാനം നൽകിയത്.

■ *സകാത്ത് നൽകുന്നത് റമദാൻ മാസത്തിൽ ആവണമെന്നുണ്ടോ?*

സകാത്ത് നൽകുന്നത് റമദാനിലാവണമെന്ന ഉപാധിയൊന്നുമില്ല. കാർഷികോൽപന്നങ്ങളുടേത് വിളവുകാലത്തും മറ്റു സമ്പത്തുക്കളുടേത് വർഷം പൂർത്തിയായ ശേഷവുമാണ് നൽകേണ്ടത്. റമദാനിൽ സൽക്കർമങ്ങൾക്ക് കൂടുതൽ പ്രതിഫലം ലഭിക്കുമെന്നതിനാലാണ് ആളുകൾ ഈ പുണ്യമാസത്തിൽ സകാത്ത് നൽകുന്നത്. ●